## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2015 മാർച്ച് 10, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

നവജാതശിശുക്കളുടെ മരണം

*31. ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാതശിശുക്കളുടെ മരണം തുടരെ ഉണ്ടായികൊണ്ടിരിക്കുന്ന അട്ടപ്പാടിയിൽ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കാനും പ്രതിവിധി നടപടികൾ നിർദ്ദേശിക്കാനുമായി എസ്.എം . വിജയാനന്ദ് ഐ .എ .എസ് ന്റെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആ കമ്മിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച എസ്.എം . വിജയാനന്ദ് ഐ .എ .എസ് കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ എന്തെങ്കിലും റിപ്പോർട്ട് നല്കിയിട്ടുണ്ടോ;എങ്കിൽ അത്

സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഭാഗ്യക്കുറിക്ക് സേവന നികുതി

*32. ശ്രീ.ജെയിംസ് മാത്യു

,, വി.ശിവൻകുട്ടി

,, സാജു പോൾ

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറിക്ക് സേവന നികുതി ഏർപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വ്യക്തമാക്കുമോ;

(ബി) സേവന നികുതി ഏർപ്പെടുത്തുന്നതു മൂലം ടിക്കറ്റ് വില്പനയിൽ കുറവുണ്ടാകുമെന്നു ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പ്രകടിപ്പിച്ച ആശങ്കകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് വില്പന കുറയുന്നത് കാരുണ്യ പോലുള്ള പദ്ധതികൾക്ക് തുക നൽകുന്നതിൽ കുറവ് ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ലോട്ടറിക്ക് സേവന നികുതി ഏർപ്പെടുത്തിയത് പിൻവലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ ?

വ്യവസായമേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ്

*33. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സൗരോർജ്ജ ഉപയോഗം

*34. ശ്രീ.കോവൂർ കുഞ്ഞുമോൻ

,, എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(സി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനൽ

*35. ശ്രീ.പി.ടി.എ. റഹീം

,, എസ്.ശർമ്മ

,, ആർ. രാജേഷ്

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനൽ നിർമ്മാണഘട്ടത്തിൽ ഉദ്ദേശിച്ച തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) എൽ.എൻ.ജി. ടെർമിനൽ കൊണ്ട് സംസ്ഥാനത്തിന് ലഭ്യമാകേണ്ടത് പ്രയോജനപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## ഫാക്ടിന്റെ പുനരുദ്ധാരണം

*36. ശ്രീ.കെ. ദാസൻ

,, എളമരം കരീം

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ പുനരുദ്ധാരണത്തിനും നിലനിൽപിനും ആവശ്യമായ തരത്തിൽ പാക്കേജ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ സമീപനം എന്താണെന്ന്

വ്യക്തമാക്കാമോ;

(ബി) ഫാക്ടിന് പുനരുദ്ധാരണ പദ്ധതികൾ അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും ചെയ്തു തീർക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്നും, ആയതു നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഫാക്ട് പുനരുദ്ധാരണത്തിന് പ്രധാനമന്ത്രിയെ സമീപിച്ച എം.പി.മാർക്ക് നൽകപ്പെട്ട വാഗ്ദാനങ്ങൾ എന്തൊക്കെയാണെന്നും, ഇവ നടപ്പിലാക്കിയോ എന്നും വ്യക്തമാക്കാമോ?

<u>ധനകാര്യ മാനേജ്മെന്റ് രംഗത്ത് വരുത്തിയ പരിഷ്കരണങ്ങൾ</u>

*37. ശ്രീ.എം.ഉമ്മർ
,, പി.ബി. അബ്ദുൾ റസാക്
,, കെ.എം.ഷാജി
,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ മാനേജ്മെന്റ് രംഗത്ത് വരുത്തിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതുമൂലം പദ്ധതി പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തിയാക്കാൻ സാധിച്ച പ്രധാന പദ്ധതികളുടെയും ആവിഷ്കരിച്ച് നടപ്പാക്കിയ പ്രധാന പദ്ധതികളുടെയും വിശദ വിവരം നൽകാമോ?

<u>ബി.റ്റു.ബി. വ്യവസായ സംഗമം</u>

*38. ശ്രീ.ലൂഡി ലൂയിസ്
,, എ.റ്റി.ജോർജ്
,, പാലോട് രവി
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.റ്റു.ബി. വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്;

(ഡി) സംഗമത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

<u>വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം</u>

*39. ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.എസ്.സുനിൽ കുമാർ
,, കെ.അജിത്
,, ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി തകരാർ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ടബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൺട്രോൾ റൂമുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

<u>ഇന്നൊവേഷൻ ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ</u>

*40. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
,, കെ.എൻ.എ.ഖാദർ
,, എൻ .എ.നെല്ലിക്കുന്ന്
,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജമേഖലയിൽ ഇന്നൊവേഷൻ ഫണ്ട് ഉപയോഗിച്ച് വൈദ്യുതിബോർഡ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഉപയോഗശൂന്യമായ സി.എഫ്.എൽ, മെർക്കുറി ലാമ്പ്, റ്റ്യൂബ് ലൈറ്റുകൾ എന്നിവ സുരക്ഷിതമായി സംസ്കരിക്കുന്നതിന് വൈദ്യുതി ബോർഡിന്റെ കീഴിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നല്കാമോ;

(സി) ഉപയോഗയോഗ്യമല്ലാത്ത ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, വൈദ്യുതി

സെക്ഷനുകൾ മുഖേന ശേഖരിക്കുന്നതിനും, പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനുമുള്ള സ്ഥിര സംവിധാനം ഏർപ്പെടുത്തുമോ?

ട്രെയിനപകടങ്ങൾ സംബന്ധിച്ച കമ്മീഷനുകൾ

*41. ഡോ.കെ.ടി.ജലീൽ

ശ്രീ.പി.കെ.ഗുരുദാസൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിനപകടങ്ങൾ സംഭവിക്കുമ്പോൾ നിയോഗിക്കപ്പെടുന്ന കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതും അപകടങ്ങൾ തുടരുന്നതിന് കാരണമാകുന്നതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടന്ന ട്രെയിനപകടങ്ങളിൽ അന്വേഷണം നടത്തിയ കമ്മീഷനുകളുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടാത്തത് വീണ്ടും അപകടങ്ങൾക്ക് കാരണമായതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ആദിവാസി മേഖലയിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും ശിശുമരണങ്ങളും

*42. ശ്രീ.എ.കെ.ബാലൻ

,, കോടിയേരി ബാലകൃഷ്ണൻ

,, എസ്.രാജേന്ദ്രൻ

,, ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാര കുറവും കൂട്ട ശിശുമരണങ്ങളും, നിലവിലും പരിഹരിക്കുന്നതിന് സാദ്ധ്യമാകുന്നില്ല എന്നും, ഇത്തരം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഈ മേഖലയിൽ നിലനില്ക്കുന്നതായുമുള്ള പഠന റിപ്പോർട്ടുകളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് ആരോഗ്യരംഗത്ത് സംരക്ഷണം നൽകുമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ആദിവാസി സമൂഹത്തോട് കാണിക്കുന്ന അവഗണന കാരണമാണ് ഇത്തരത്തിൽ ദുരിതങ്ങൾ ആവർത്തിക്കപ്പെടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണമേഖലയുടെ പങ്കാളിത്തം</u>

*43. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്രകാരം തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുതി ഉല്പാദന പദ്ധതി</u>

*44. ശ്രീ.ബി.ഡി. ദേവസ്സി

,, ഇ.പി.ജയരാജൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് ആവിഷ്കരിക്കപ്പെട്ട വൈദ്യുതി ഉല്പാദന പദ്ധതികളുടെ തുടർ പ്രവൃത്തികൾ ചെയ്യുന്നതിൽ അനാസ്ഥ കാട്ടിയതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളിലൂടെ എത്ര വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ വൈദ്യുതി മേഖലയിൽ നിലനില്ക്കുന്ന പ്രതിസന്ധിക്ക് എത്രത്തോളം പരിഹാരമാകുമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഊർജ്ജലഭ്യത ഉയർത്താൻ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കിയാലും കേരളം ഭാവിയിൽ വൈദ്യുത കമ്മി നേരിടുമെന്നറിയാമോ; എങ്കിൽ ആവിഷ്കരിക്കപ്പെട്ട വൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിനുൾപ്പെടെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

*45. ശ്രീ.വി.ഡി.സതീശൻ

,, കെ.മുരളീധരൻ

,, എം.പി.വിൻസെൻറ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>വൈദ്യുതി വിതരണ സംവിധാനത്തിലെ പ്രസരണനഷ്ടം</u>

*46. ശ്രീ.പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ സംവിധാനത്തിൽ ഓവർ ഹെഡ് ഓപ്പൺലൈൻ, അണ്ടർഗ്രൗണ്ട് കേബിൾ ഇവയിൽ ഏതാണ് കൂടുതൽ കാര്യക്ഷമവും പ്രസരണനഷ്ടം കുറവുള്ളതുമെന്ന കാര്യത്തിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസരണനഷ്ടം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും പട്ടണത്തിൽ പൂർണ്ണമായോ ഭാഗികമായോ അണ്ടർഗ്രൗണ്ട് കേബിൾ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാര്യക്ഷമത പരിശോധിച്ച് എല്ലാ പട്ടണങ്ങളിലും അത്തരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

*47. ശ്രീ.എ.എം. ആരിഫ്

,, കെ.രാധാകൃഷ്ണൻ

,, ബി.സത്യൻ

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അമിത വിലയും നിർമ്മാണ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി ഇത്തരത്തിൽ അമിത വിലയും ദൗർലഭ്യവും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നതിൽ നിലപാട് വ്യക്തമാക്കുമോ?

## ഖനന ചട്ടങ്ങളും പരിസ്ഥിതി ആഘാതവും

T *48. ശ്രീ.കെ.അജിത്

,, ഇ.ചന്ദ്രശേഖരൻ

,, പി.തിലോത്തമൻ

,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് എന്തു മാറ്റമുണ്ടാകും എന്നറിയാനുള്ള പഠനം നടത്തിയ ശേഷമേ പാറയും മണ്ണും മറ്റു ചെറുകിട ധാതുക്കളും ഖനനം ചെയ്യാവൂ എന്ന സുപ്രീം

കോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015 ജനുവരി 9 -നു മുമ്പ് ഖനനാനുമതി നേടിയവരുടെയും പുതുക്കുന്നവരുടെയും കാര്യത്തിൽ പഠനം നടത്തേണ്ടതില്ലെന്ന് കേരളത്തിന്റെ പുതിയ ഖനന ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഖനന ചട്ടത്തിലെ ഈ പുതിയ നിർദ്ദേശങ്ങൾ മൂലം പരിസ്ഥിതി പഠനം നടത്താതെയുള്ള ഖനനം ഉണ്ടാക്കുന്ന പരിസ്ഥിതി ആഘാതങ്ങളെ എങ്ങനെ നേരിടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ</u>

*49. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.വി.വിജയദാസ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ കഴിഞ്ഞ നാലു വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; അവ പൂർണ്ണമായും നടപ്പിലാക്കാനുദ്ദേശമുണ്ടോ;

(ബി) ആദിവാസികൾക്ക് നിയമപരമായി ലഭ്യമാക്കേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോ :

<u>വൈദ്യുതി ഉല്പാദന മേഖലയിലെ പുതിയ പദ്ധതികൾ</u>

*50. ശ്രീ.എ. പ്രദീപ്കുമാർ

,, എം.ചന്ദ്രൻ

,, ടി.വി.രാജേഷ്

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉല്പാദന മേഖലയിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനയാണ് അധികമായി

ലക്ഷ്യമിട്ടത് ; അതിനായി ഏതെല്ലാം മേഖലയിൽ ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു ;

(സി) ലക്ഷ്യം കൈവരിച്ച പദ്ധതികൾ ഏതെല്ലാം ; പുതുതായി ആവിഷ്കരിച്ച് പൂർത്തിയാക്കിയ പദ്ധതികളിലൂടെ എത്ര മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനയുണ്ടായി ;

(ഡി) ഉദ്ദേശിച്ച ലക്ഷ്യം പൂർത്തിയായില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ ലക്ഷ്യമിട്ട ഏതെല്ലാം വൈദ്യുത പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്യുകയുണ്ടായി ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

*51. ശ്രീ.കെ.അച്ചുതൻ

,, എ.റ്റി.ജോർജ്

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായം യഥാസമയം രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

<u>കൈത്താങ്ങ് പദ്ധതി</u>

*52. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) അനാഥരായ ആദിവാസിക്കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## ശമ്പള പരിഷ്കരണം

T *53. ശ്രീ.തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

*54. ശ്രീ.ബി.സത്യൻ

,, എം.എ.ബേബി

ഡോ.ടി.എം.തോമസ് ഐസക്

പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ കടക്കെണിയിൽ നിന്നും മോചിപ്പിക്കുമെന്ന വാഗ്ദാനത്തിന്റെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള മൊത്തം കടം എത്രയായിരുന്നു;

(സി) കഴിഞ്ഞ നാലുവർഷം കൊണ്ട് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായി ഉയർന്നു; വിശദമാക്കുമോ ;

(ഡി) കടബാദ്ധ്യത വർദ്ധിക്കാനിടയായതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ;

(എഫ്) ഇപ്പോഴത്തെ ധനകാര്യപ്രതിസന്ധിയെ കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

<u>വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ്</u>

*55. ശ്രീ.പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ നയരൂപീകരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>വ്യാജ കൈത്തറി ഉല്പന്നങ്ങൾ</u>

*56. ശ്രീ.പി.തിലോത്തമൻ

,, ഇ.ചന്ദ്രശേഖരൻ

,, വി.ശശി

,, ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർലൂമിൽ നെയ്ത തുണിത്തരങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന് വ്യാജ കൈത്തറി ഉല്പന്നങ്ങളായി സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ കൈത്തറി ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഈ വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) വിപണിയിൽ പരിശോധന നടത്തി വ്യാജനെ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ,; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ജനനി ജന്മരക്ഷാ പദ്ധതി</u>

*57. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നു വിശദമാക്കാമോ;

(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളും പക്ഷികളും</u>

*58. ശ്രീ.കെ.രാജു

,, പി.തിലോത്തമൻ

,, ഇ.കെ.വിജയൻ

,, വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതെല്ലാം ഇനം മൃഗങ്ങളും പക്ഷികളും നശിച്ചു പോയി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് പകരമായി മൃഗങ്ങളെയും പക്ഷികളെയും മൃഗശാലകളിൽ കൊണ്ടുവന്നിട്ടുണ്ടോ ; ഇതുവരേയും പകരം കൊണ്ടുവരാൻ കഴിയാതിരിക്കുന്നവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വംശനാശ ഭീഷണി നേരിടുന്നവയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

<u>റെയില്‍വേ മേഖലയിലെ പദ്ധതികള്‍</u>

*59. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എ.കെ.ബാലന്‍

,, വി.ശിവന്‍കുട്ടി

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) റെയില്‍വേ മേഖലയില്‍ പ്രഖ്യാപിച്ച പദ്ധതികളില്‍ സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങള്‍ സൃഷ്ടിക്കാന്‍ സാദ്ധ്യതയുണ്ടായിരുന്ന പദ്ധതികള്‍ ഏതൊക്കെയായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രഖ്യാപിത പദ്ധതികള്‍ നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ:വിശദമാക്കാമൊ :

(സി) മുന്‍ സര്‍ക്കാര്‍ 2010 ല്‍ ഏറ്റെടുത്ത് നല്‍കിയ പാലക്കാട്ടെ ഭൂമിയില്‍ കോച്ച് ഫാക്ടറി സ്ഥാപിക്കാനുള്ള നടപടിയില്‍ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ഡി) നേമത്ത് റെയില്‍വേയുടെ സ്ഥലത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയ കോച്ച് പീരിയോഡിക് ഓവര്‍ ഹോളിംഗ് കേന്ദ്രത്തിന്റെ പ്രവര്‍ത്തനം നടത്താന്‍ സാധിക്കാതിരുന്നതിന്റെ കാരണങ്ങള്‍ വിശദമാക്കാമോ ;

(ഇ) ഇത്തരം പ്രഖ്യാപിത പദ്ധതികള്‍ നടപ്പിലാക്കുന്നതിന് സര്‍ക്കാര്‍ സ്വീകരിച്ച നടപടിയും , പദ്ധതികള്‍ നടപ്പിലാകാത്തതിന്റെ ഭാഗമായി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിലുള്ള നഷ്ടങ്ങള്‍ സംഭവിച്ചുണ്ടെന്നും വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് ഇതിനകം പ്രഖ്യാപിച്ച റെയില്‍വേ പദ്ധതികളില്‍ നടപ്പില്‍ വരുത്താത്തവ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>വന്‍കിട സൗരോര്‍ജ്ജ പദ്ധതികള്‍</u>

*60. ശ്രീ.ആര്‍ . സെല്‍വരാജ്

,, കെ.ശിവദാസന്‍ നായര്‍

,, പാലോട് രവി

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
01-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.